3. ജനറൽ വിഭാഗത്തിൽപ്പെട്ടവർക്ക് മൊത്തം പദ്ധതിച്ചെലവിന്റെ 25 ശതമാനം മാർജിൻ മണിയായി ലഭിക്കുന്നതാണ്. പിന്നോക്ക വിഭാഗക്കാർക്കും സ്ത്രീകൾക്കും പ്രോജക്ട് കോസ്റ്റിന്റെ 30 ശതമാനവും പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് 40 ശതമാനം മാർജിൻ മണിയും ലഭിക്കുന്നതാണ്.

(ബി) 'പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി (PMEGP)'-യുടെയും 'സംസ്ഥാന സർക്കാരിന്റെ പ്രത്യേക തൊഴിൽദാന പരിപാടി അഥവ എന്റെ ഗ്രാമം പദ്ധതി'യുടെയും മാനദണ്ഡങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

ഖാദി ഗ്രാമവ്യവസായ യൂണിറ്റുകളുടെ വിശദാംശം

192(559) ശ്രീ. സി. കെ. നാണു :
ശ്രീ. ജോസ് തെറ്റയിൽ :
ശ്രീമതി ജമീലാ പ്രകാശം :
ശ്രീ. മാത്യു റ്റി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ നിലവിൽ എത്ര ഖാദി ഗ്രാമവ്യവസായ യൂണിറ്റുകൾ പ്രവർത്തിക്കുന്നു ; വിശദാംശം വ്യക്തമാക്കാമോ ;

(ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഖാദിഗ്രാമ വ്യവസായ യൂണിറ്റുകളുടെ പ്രവർത്തനങ്ങൾക്ക് വേണ്ടി എന്ത് തുക അനുവദിച്ചു നൽകിയിട്ടുണ്ട് ; വിശദാംശം വ്യക്തമാക്കാമോ ;

(സി) കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ കേരളത്തിലേക്ക് കേന്ദ്ര ഖാദി കമ്മീഷനിൽ നിന്നും എന്ത് തുകയാണ് അനുവദിച്ചിട്ടുള്ളത് ; വിനിയോഗം സംബന്ധിച്ച വിശദാംശം വ്യക്തമാക്കാമോ ?

ഉത്തരം

(എ) കേരള ഖാദി ഗ്രാമവ്യവസായ ബോർഡിൽ 399 ഖാദി യൂണിറ്റുകളും (ഖാദി സഹകരണ സംഘങ്ങളും ധർമ്മ സ്ഥാപനങ്ങളും ഉൾപ്പെടെ) 11232 ഗ്രാമവ്യവസായ യൂണിറ്റുകളും പ്രവർത്തിക്കുന്നു.

(ബി) 2982.28 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. വിശദാംശം അനുബന്ധം ആയി ചേർത്തിരിക്കുന്നു.*

(സി) വിവരങ്ങൾ അനുബന്ധം ആയി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly